ചർച്ചചെയ്യപ്പെടേണ്ടവയാണ്. പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ ജനാധിപത്യത്തിൽ ചർച്ചകളിലൂടെയല്ലാതെ ഉരുത്തിരിഞ്ഞുവരികയില്ലല്ലോ?

(12 മാർച്ച്, 1987)

# 27. രാമറാവുവിന്റെ മുൻകൈ

ജനാധിപത്യത്തിൽ അഴിമതിയുടെ ഒരു മുഖ്യ സ്രോതസ്സ് തിരഞ്ഞെടുപ്പാകയാൽ, തിരഞ്ഞെടുപ്പുനിയമങ്ങൾ പരിഷ്കരിക്കാതെ രാഷ്ട്രീയതലത്തിലുള്ള അഴിമതി തടയുക പ്രയാസമായിരിക്കുമെന്ന് പ്രതിപാദിച്ചുകൊണ്ട് ഈ പംക്തികളിൽ പലകുറി ഞാൻ എഴുതിയിട്ടുണ്ട്. ശ്രീ സി. സുബ്രഹ്മണ്യം തുടങ്ങി ഇരുപത്തെട്ടു പ്രമുഖപൗരന്മാർ ചേർന്ന് രാഷ്ട്രീയതലത്തിലുള്ള അഴിമതി തടയുന്നതിന് ഉന്നയിച്ച തിരഞ്ഞെടുപ്പുനിയമ—പരിഷ്കരണനിർദേശങ്ങൾ 1987 സെപ്റ്റംബർ 27—ലെ 'കുങ്കുമ'ത്തിൽ ഏറെക്കുറെ വിസ്തരിച്ചുതന്നെ ചർച്ചചെയ്തിരുന്നു. 1. രാഷ്ട്രീയപ്പാർട്ടികളുടെ വരുമാനവും ചെലവും ആണ്ടുതോറും പരസ്യമായി ആഡിററുചെയ്യുക, 2. തിരഞ്ഞെടുപ്പിന് പാർട്ടികളോ, വ്യക്തികളോ, സഹായികളോ ചെയ്യുന്ന ചെലവ് കർശനമായി പരിമിതപ്പെടുത്തുക, 3. അനുവദിക്കാവുന്ന ചെലവുകൾക്ക് സ്ഥാനാർത്ഥികൾക്കും പാർട്ടികൾക്കും സർക്കാർ ഖജനാവിൽനിന്ന് പണം നൽകുക, 4. മേല്പറഞ്ഞ കാര്യങ്ങൾക്കായി ഒരു സ്വതന്ത്രസംവിധാനം നിയമാനുസൃതം നിർമിക്കുക എന്നിവയായിരുന്നു ചുരുക്കത്തിൽ ഈ നിർദേശങ്ങൾ.

'തിരഞ്ഞെടുപ്പു പരിഷ്കരണങ്ങൾ' (ഇലക്ടോറൽ റീഫോംസ്) എന്ന പേരിൽ ഈയിടെ പ്രസിദ്ധംചെയ്ത ഒരു ലഘുലേഖയിൽ ആന്ധ്രപ്രദേശ് മുഖ്യമന്ത്രി ശ്രീ എൻ. ടി. രാമറാവു, അഴിമതി നിരോധിക്കാൻ കേന്ദ്രതലത്തിലും സ്റ്റേററുതലത്തിലും ഉടൻ ചെയ്യേണ്ട കാര്യങ്ങളെപ്പററി വിശദമായ ചില നിർദേശങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അടുത്തു നടക്കാനിരിക്കുന്ന ആന്ധ്രപ്രദേശിലെ പഞ്ചായത്ത്—മുനിസിപ്പൽ തിരഞ്ഞെടുപ്പുകളിൽ പ്രായോഗികമാക്കാൻ ഉദ്ദേശിക്കുന്നവയാണ് ഈ നിർദേശങ്ങളിൽ ചിലവ. ആ നിലയിൽ ഈ നിർദേശങ്ങൾ സുപ്രധാനങ്ങളാണ്. പാർലമെന്റിന്റെ ഇന്നു തുടങ്ങുന്ന ശീതകാലസമ്മേളനത്തിൽ രാമറാവുവിന്റെ ലഘുലേഖ ചർച്ചാവിഷയമാകാനിടയുണ്ട്. തിരഞ്ഞെടുപ്പിൽ അഴിമതി തടയണമെന്ന് ആഗ്രഹമുണ്ടെങ്കിൽ, കേരളത്തിലെ നിയമസഭാംഗങ്ങൾക്കും ഇപ്പോൾ നടന്നുവരുന്ന അസംബ്ലി സമ്മേളനത്തിൽ ഈ ലഘുലേഖയിലെ നിർദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

ആറ് അദ്ധ്യായങ്ങളും ഒരു മുഖവുരയും (പ്രൊലോഗ്) ആയി രാമറാവുവിന്റെ ലഘുലേഖ വിഭജിക്കപ്പെട്ടിരിക്കുന്നു. മുഖവുരയിൽ അദ്ദേഹം ഇങ്ങനെ പറയുന്നു:

'ജനപ്രാതിനിധ്യഭരണത്തിന്റെ ആരോഗ്യം മുഖ്യമായി സ്ഥിതിചെയ്യുന്നത് തിരഞ്ഞെടുപ്പുപ്രക്രിയയുടെ നീതിനിഷ്ഠതയിലും ഫലപ്രദത്വത്തിലും ആകുന്നു. നമ്മുടെ ജനാധിപത്യരാഷ്ട്രത്തിന്റെ അസ്ഥിവാരം ബലപ്പെടുത്താൻ തിരഞ്ഞെടുപ്പുസമ്പ്രദായത്തിൽ ചില പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ട്. തിരഞ്ഞെടുപ്പുസമ്പ്രദായം എല്ലാ പൗരന്മാർക്കും അവസരസമത്വം നൽകുകയും, സമത്വാധിഷ്ഠിതസമൂഹം നിലവിൽ വരുത്താൻ സഹായിക്കുകയും വേണം. ഇതിനായി ഇന്നു രാജ്യത്തു നില

വിലുള്ള തിരഞ്ഞെടുപ്പുസമ്പ്രദായത്തിന്റെ നിയമനിർമാണപരവും ഭരണപരവും സ്ഥാപനപരവുമായ മാനങ്ങളെ നിയന്ത്രിക്കുന്ന സവിശേഷതകളെ ശ്രദ്ധാപൂർവം വിലയിരുത്തുകയും പരിഷ്കരിക്കുകയും ആവശ്യമാണ്.'

വർദ്ധിച്ചുവരുന്ന തിരഞ്ഞെടുപ്പ് ചെലവുകൾ, തിരഞ്ഞെടുപ്പുനിയമങ്ങളുടെ പരസ്യമായ ഉല്ലംഘനം, ഈ നിയമങ്ങൾ ഫലപ്രദമായി നടപ്പിൽ വരുത്താതിരിക്കൽ, സമകാലരാഷ്ട്രീയത്തിൽ വൻപണത്തിന്റെ അതിരററ സ്വാധീനം, കുത്തകക്കമ്പനികളിൽനിന്നും ബഹുരാഷ്ട്രക്കമ്പനികളിൽനിന്നും വിദേശീയ സ്രോതസ്സുകളിൽനിന്നും നിക്ഷിപ്തതാല്പര്യക്കാരിൽനിന്നും രാഷ്ട്രീയപ്പാർട്ടികൾ ഫണ്ട് ശേഖരിക്കുന്നതിനാൽ കുട്ടം കൂടുന്ന കള്ളപ്പണം, തൽഫലമായി ഉണ്ടാകുന്ന സാമൂഹ്യവിരുദ്ധതയുടെ അഴിഞ്ഞാട്ടം, ഇതുനിമിത്തം രാഷ്ട്രത്തിനു നേരിട്ടിട്ടുള്ള ഗുരുതരമായ ഭീഷണി മുതലായവ ചൂണ്ടിക്കാണിച്ചശേഷം, ഈ ദുഃസ്ഥിതിക്ക് അറുതി വരുത്താനായി ആവശ്യമായ തിരഞ്ഞെടുപ്പുപരിഷ്കാരങ്ങൾ നിയമനിർമാണത്തിലൂടെ നടപ്പിൽ വരുത്തുവാൻ രാമറാവു കേന്ദ്രഗവണ്മെൻറിനോട് ആവശ്യപ്പെടുന്നു.

കൂടുതൽ ശ്രദ്ധേയമായി എനിക്കു തോന്നിയതു് താഴെ ചേർക്കുന്ന ഖണ്ഡികയാണ്:

'കേന്ദ്രഗവണ്മെൻറിന്റെ മുൻകൈയിനു കാത്തിരിക്കാതെ, എല്ലാ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിലേക്കുമുള്ള തിരഞ്ഞെടുപ്പുസംബന്ധിച്ച് ഉചിതമായ നിയമങ്ങൾ നിർമിക്കുവാൻ ആന്ധ്രപ്രദേശ് ഗവണ്മെൻറ് തീരുമാനിച്ചിരിക്കുന്നു. മണ്ഡലപ്രജാപരിഷത്ത്, ജില്ലാ പ്രജാപരിഷത്ത്, മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിററി തുടങ്ങിയ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ ചെലവ് സ്റ്റേററ് ഗവണ്മെൻറ് നൽകുവാൻ, ഉദ്ദിഷ്ടമായ നിയമങ്ങളിൽ വ്യവസ്ഥ ഉണ്ടായിരിക്കും. ഈ നിയമങ്ങൾ മററു സംസ്ഥാനങ്ങൾക്കു മാതൃകയാവണമെന്നാണ് ഞങ്ങളുടെ ഉദ്ദേശ്യം.'

ഈ ഉദ്ദേശ്യത്തോടെ ഏതാനും രാഷ്ട്രീയപ്പാർട്ടികളുടെ നേതാക്കൾ, ബുദ്ധിജീവികൾ, പത്രാധിപന്മാർ മുതലായവരുമായി താൻ നടത്തിയ ചർച്ചകളെക്കുറിച്ചും മുഖവുരയിൽ രാമറാവു പ്രസ്താവിക്കുന്നുണ്ട്:

'നോട്ടിലൂടെ വോട്ട്, വോട്ടിലൂടെ നോട്ട്'—ഇതാണല്ലോ ഇന്നത്തെ ഇന്ത്യയിലെ രാഷ്ട്രീയപ്രവർത്തനത്തിന്റെ സംക്ഷിപ്തവും യഥാതഥവുമായ വിവരണം. വലിയ തോതിൽ പണം ചെലവഴിച്ച് തിരഞ്ഞെടുപ്പിൽ ജയിക്കുകയും തിരഞ്ഞെടുപ്പിലൂടെ കൈവന്ന അധികാരം ഉപയോഗിച്ച് അഴിമതി നടത്തി വലിയ തോതിൽ പണം നേടുകയും അല്ലെങ്കിൽ, പിന്നെ എന്താണ് ഇന്നു രാഷ്ട്രീയപ്രവർത്തനത്തിന്റെ മാർഗ്ഗവും ലക്ഷ്യവും? ഈ ചുററുപാടിൽ തിരഞ്ഞെടുപ്പ് പരിഷ്കാരത്തിന്റെ മുഖ്യ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയായിരിക്കണമെന്ന് രാമറാവു നിർദ്ദേശിക്കുന്നു:

1. തിരഞ്ഞെടുപ്പുനടപടികളിൽ അഴിമതികളും തിരഞ്ഞെടുപ്പ് പ്രചാരവേലയിൽ പണപ്രാധാന്യവും അവസാനിപ്പിക്കുകവഴി സമൂഹത്തിൽ കള്ളപ്പണത്തിനു് ആവശ്യവും ലഭ്യതയും ചുരുക്കുക.

2. തിരഞ്ഞെടുപ്പിനു് വ്യക്തികളും സമൂഹവും ചെയ്യാവുന്ന ചെലവ് പരിമിതപ്പെടുത്തുക; തിരഞ്ഞെടുപ്പുചെലവുകൾ യുക്തിസംഗതമായി ചുരുക്കുക; അതുവഴി എല്ലാ പൗരന്മാർക്കും ജനാധിപത്യപ്രക്രിയയിൽ അവസരസമത്വം നൽകുക.

3. ബഹുപാർട്ടിസമ്പ്രദായത്തിന്റെ ജനാധിപത്യപരമായ അസ്തിവാരം ശക്തിപ്പെടുത്തുക.

ഈ ലക്ഷ്യങ്ങരം നിറവേററുവാൻവേണ്ടി ജനപ്രാതിനിധ്യനിയമത്തിലും(റെപ്രസൻേറഷൻ ഓഫ് പീപ്പിററസ് ആക്ട്)ക്കുറമാററ നിരോധനിയമത്തിലും (ആൻറി—ഡിഫക്ഷൻ ആക്ട്സ്) നിലവിലുള്ള വിടവുകരം അടയ്ക്കണമെന്ന് രാമറാവു നിർദേശിക്കുന്നു. പ്രത്യേകമായി അദ്ദേഹം ഉന്നയിക്കുന്ന ചില നിർദേശങ്ങരം താഴെപ്പറയുന്നവയാണ്;

1. അസംബ്ലികളിലേക്കും പാർലമെൻറിലേക്കും നില്ക്കുന്ന അർഹരായ പാർട്ടി സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പുചെലവിൽ ഒരു പങ്ക് കേന്ദ്രഗവണ്മെൻറ് വഹിക്കണം. പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പുചെലവിൽ ഒരു പങ്ക് സ്റ്റേററ് ഗവണ്മെൻറ് വഹിക്കണം.
2. തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളും പാർട്ടികളും ചെയ്യാവുന്ന ചെലവിനു പരിധി യുക്തിയുക്തമായി വ്യവസ്ഥപ്പെടുത്തണം.
3. തിരഞ്ഞെടുപ്പുപ്രചാരണത്തിനു് വാഹനങ്ങരം, ഉപകരണങ്ങരം മുതലായവ സർക്കാർ നൽകണം.
4. തിരഞ്ഞെടുപ്പുപ്രചാരവേലയിൽ നിലവിലുള്ളതും ഇനി നിയമപ്രകാരം നിലവിൽ വരുത്താൻ പോകുന്നതുമായ പെരുമാററസംഹിത കർശനമായി നടപ്പിൽവരുത്തണം.
5. ഒരു വശത്തു് വോട്ടർമാരുടെ ഒപ്പോ, പെരുവിരലടയാളമോ ഉള്ള ഐഡൻറിററി കാർഡുകരം വോട്ടർമാർക്കു കൊടുക്കണം.
6. തിരഞ്ഞെടുപ്പുനിയമങ്ങരം നടപ്പിൽ വരുത്താൻ പൂർണമായ ഉത്തരവാദിത്തം അതാതിടത്തെ തിരഞ്ഞെടുപ്പു് ഉദ്യോഗസ്ഥർക്കു് (ഇലക്ഷൻ അതോറിററി) ആയിരിക്കണം.

ഇന്ത്യയിലെ തിരഞ്ഞെടുപ്പുവ്യവസ്ഥയിൽ നുഴഞ്ഞുകയറിയിട്ടുള്ള അഴിമതിയെപ്പററി പഠിച്ചു്, പരിഹാരമാർഗങ്ങരം നിർദേശിക്കുവാൻ സർക്കാരോ, പാർലമെൻേറാ നിയോഗിച്ചവരോ, സ്വയം മുന്നോട്ടു വന്നവരോ ആയ കമ്മററികളും വ്യക്തികളും ഇതുവരെ ഉന്നയിച്ച നിർദേശങ്ങരം പിന്നീട് ശ്രീ രാമറാവു ചുരുക്കിവിവരിക്കുന്നു. അഴിമതി നിരോധനം സംബന്ധിച്ച നിർദേശങ്ങരം സമർപ്പിക്കാൻ 1964—ൽ നിയമിക്കപ്പെട്ട സന്താനം കമ്മററിയുടെയും കള്ളപ്പണത്തെപ്പററി പഠിക്കാൻ 1973—ൽ നിയമിക്കപ്പെട്ട വാഞ്ചുകമ്മററിയുടെയും റിപ്പോർട്ടുകരം 1975-ൽ സുപ്രീംകോടതി പ്രസ്താവിച്ച ഒരു വിധിന്യായം, 1974—ൽ രാഷ്ട്രപതി ശ്രീ വി. വി. ഗിരി രാഷ്ട്രത്തിനു നൽകിയ സന്ദേശം, 1975—ൽ പാർലമെൻറിൻെറ രണ്ടു മണ്ഡലങ്ങളിലെയും അദ്ധ്യക്ഷന്മാർക്കു് ജയപ്രകാശ് നാരായൺ സമർപ്പിച്ച 'ജനങ്ങളുടെ അധികാരപത്രം' (പീപ്പിററസ് ചാർട്ടർ), മുമ്പ് ഇലക്ഷൻ കമ്മീഷണർ ആയിരുന്ന ശക്ധേർ 1980—ൽ ചെയ്ത ഒരു പ്രസംഗം, 'നാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് പബ്ളിക് ഫിനാൻസ് ആൻഡ് പോളിസി' എന്ന സ്ഥാപനം 1984—ൽ കേന്ദ്രഗവണ്മെൻറിനു സമർപ്പിച്ച 'ഇന്ത്യയിൽ കള്ളപ്പണത്തിൻെറ ചില വശങ്ങരം' എന്ന രേഖ, 1986—ൽ രാജാജി സ്മാരക അന്താരാഷ്ട്രീയ ഭരണ—പൊതുക്കാര്യ പഠനസ്ഥാപനം നടത്തിയ ഒരു സെമിനാറിലെ ശുപാർശകരം—അങ്ങനെ പ്രസക്തങ്ങളായ പല രേഖകളും ഇവിടെ പരാമർശിക്കപ്പെടുന്നുണ്ട്. ഈ വിഷയത്തിൽ കൂടുതൽ പഠനം നടത്തണമെന്നുള്ളവർക്കു ലഘുലേഖയുടെ ഈ ഭാഗം ഉപകരിക്കും.

രാഷ്ട്രീയപ്പാർട്ടികരംക്കു് സർക്കാർ ധനസഹായം നൽകുന്നതു് ശരിയാണോ? സർക്കാരിനെ എതിർക്കുകയാണു് രാഷ്ട്രീയപ്പാ

ട്ടികളുടെ കടമയെന്ന ധാരണ വേരുറച്ചിട്ടുള്ള ഇന്ത്യയിൽ ഈ ചോദ്യം സാധാരണക്കാർ ഉന്നയിക്കാവുന്നതേയുള്ളു. പടിഞ്ഞാറെ ജർമനി, ഫ്രാൻസ്, ബ്രിട്ടൻ, ഹോളണ്ട്, ഇററലി, നോർവേ, സ്വീഡൻ, ഫിൻലാൻഡ്, ആസ്ട്രിയ, അമേരിക്കൻ ഐക്യനാടുകരം, കാനഡ എന്നീ ജനാധിപത്യരാഷ്ട്രങ്ങളിൽ രാഷ്ട്രീയപ്പാർട്ടികരംക്ക് ഏതെല്ലാം വിധത്തിൽ സർക്കാർ ധനസഹായം നൽകുന്നു എന്നു വിവരിക്കുന്നതിലൂടെ മേല്പറഞ്ഞ ചോദ്യത്തിനു തൃപ്തികരമായ സമാധാനം രാമറാവു നൽകുന്നു.

ഞാൻ ആദ്യം എഴുതിയതുപോലെ, ആന്ധ്രാപ്രദേശിൽ അടുത്തു നടക്കാനിരിക്കുന്ന പഞ്ചായത്തു്—മുനിസിപ്പാലിററി തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ ചെലവു് സർക്കാർ നിർവഹിക്കുന്നതു സംബന്ധിച്ച വിശദാംശങ്ങളാണു് ഈ ലഘുലേഖയെ ശ്രദ്ധേയമാക്കുന്നതു്. ലഘുലേഖയുടെ അഞ്ചാമത്തെ അദ്ധ്യായം ഈ വിശദാംശങ്ങരംക്കായി നീക്കിവെച്ചിരിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടവയെന്നു് എനിക്കു തോന്നിയ നിർദ്ദേശങ്ങരം താഴെ ചേർക്കുന്നു:

1. പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ പാർട്ടികളുടെ നോമിനികളും സ്വതന്ത്രരുമായ എല്ലാ സ്ഥാനാർത്ഥികളുടെയും ചെലവിനു് സർക്കാർ ധനസഹായം നൽകും.
2. വോട്ടെണ്ണിക്കഴിയുമ്പോരം, ആകെ വോട്ടുചെയ്ത സാധുവായ വോട്ടുകളിൽ ആറിലൊന്നു് (16.4 ശതമാനം) എങ്കിലും കിട്ടിയ പാർട്ടി സ്ഥാനാർത്ഥികരംക്കും സ്വതന്ത്രസ്ഥാനാർത്ഥികരംക്കും സർക്കാർ അംഗീകരിച്ച മാക്സിമം തിരഞ്ഞെടുപ്പുചെലവു് സർക്കാരിൽനിന്നു കിട്ടാൻ അർഹതയുണ്ടായിരിക്കും.
3. അർഹതയുള്ള രാഷ്ട്രീയപ്പാർട്ടികരംക്കു് ഈ തിരഞ്ഞെടുപ്പുചെലവിന്റെ അറുപതു ശതമാനം അഡ്വാൻസ് ആയി തിരഞ്ഞെടുപ്പിനു മുമ്പു് കിട്ടാവുന്നതാണു്. ബാക്കി നാല്പതു ശതമാനം, തിരഞ്ഞെടുപ്പിനുശേഷം, നിർദിഷ്ടരൂപത്തിൽ അവകാശം ഉന്നയിക്കുമ്പോരം നല്കും.
4. കഴിഞ്ഞ അസംബ്ളി തിരഞ്ഞെടുപ്പിലോ, മണ്ഡലപ്രജാപരിഷത്ത്—ജില്ലാ പരിഷത്ത് തിരഞ്ഞെടുപ്പിലോ ഒരു ജില്ലയിൽ തങ്ങരം നിർത്തിയ സ്ഥാനാർത്ഥികരംക്കു്, ആകെ പോരംചെയ്ത സാധുവായ വോട്ടുകളിൽ ആറിലൊരു ഭാഗം കിട്ടിയ പാർട്ടികളാണു് 'അർഹതയുള്ള' രാഷ്ട്രീയപ്പാർട്ടികരം.
5. സഹായധനം വാങ്ങിയശേഷം നടന്ന തിരഞ്ഞെടുപ്പിൽ ആറിലൊരു ഭാഗം വോട്ടുകിട്ടാതിരുന്നാൽ രാഷ്ട്രീയപ്പാർട്ടികരം വാങ്ങിയ സഹായധനം സർക്കാരിലേക്കു തിരിച്ചടയ്ക്കണം. തിരിച്ചടയ്ക്കാതിരുന്നാൽ ആ പാർട്ടികളുടെ 'അർഹത' നഷ്ടപ്പെടും; ആ പണം നികുതിബാക്കിപോലെ കണക്കാക്കി സർക്കാർ അവരിൽനിന്നു പിരിച്ചെടുക്കുകയുംചെയ്യും.
6. തിരഞ്ഞെടുപ്പിനു നില്ക്കുന്ന ഒരു സ്ഥാനാർത്ഥിക്കുവേണ്ടിയും പൊതുസ്ഥലങ്ങളിൽ പന്തൽ, ഷെഡ് മുതലായ താല്ക്കാലികമോ, സ്ഥിരമോ ആയ, വെച്ചുകെട്ടുകരം ഉണ്ടാക്കാൻ പാടില്ല. ചുവരെഴുത്തുകളും അരുതു്. എന്നാൽ, പോളിങ് സ്റ്റേഷനുള്ള ഓരോ ഗ്രാമത്തിലും വാർഡിലും ഓരോ സ്ഥാനാർത്ഥിക്കും ഓരോ ആപ്പീസ് ഉണ്ടാവാം.
7. സർക്കാർ നിർദ്ദേശിക്കുന്ന (നോട്ടിഫൈഡ്) സ്ഥലങ്ങളിൽ മാത്രമേ തിരഞ്ഞെടുപ്പുയോഗങ്ങരം കൂടാവൂ. ഇത്തരം സ്ഥലങ്ങളിലേ സ്ഥാനാർത്ഥികരം ഉച്ചഭാഷിണികരം ഉപയോഗിക്കാവൂ.

8. ഓരോ സ്ഥാനാർത്ഥിക്കും ബാലററ്പേപ്പറുകളുടെ മാതൃകകളും ഐഡൻറിററി സ്ലിപ്പുകളും തിരഞ്ഞെടുപ്പ് അധികാരികരം നല്ലം. ഇവയല്ലാതെ, സ്ഥാനാർത്ഥികരം ഇത്തരം രേഖകരം സ്വന്തമായി ഉണ്ടാക്കി വോട്ടർമാർക്കു നൽകാൻ പാടില്ല.

9. കള്ളവോട്ടുചെയ്യുക, ബൂത്തു പിടിച്ചടക്കുക മുതലായവ ചെയ്യുന്നവരെ ക്രിമിനൽ കുററവാളികളായി കണക്കാക്കി നിയമപ്രകാരം ശിക്ഷിക്കും.

10. പോസ്റ്റർ, ബാനർ, ഹോർഡിങ് (വലിയ ബോർഡ്), കട്ട്—ഔട്ട്, നോട്ടീസ് (ഹാൻഡ്ബിൽ) മുതലായ തിരഞ്ഞെടുപ്പ് പ്രചാരസാമഗ്രികരം, തിരഞ്ഞെടുപ്പ് അധികാരികളുടെ മുൻകൂട്ടിയുള്ള സമ്മതം വാങ്ങിയശേഷമേ പ്രദർശിപ്പിക്കുകയും പ്രചരിപ്പിക്കുകയുംചെയ്യാവൂ. ഓരോ സ്ഥാനാർത്ഥിക്കുംവേണ്ടി ഇവ ഓരോന്നും എത്ര എണ്ണംവരെ ഉണ്ടാക്കാമെന്ന് തിരഞ്ഞെടുപ്പധികാരികരം നിശ്ചയിക്കും.

11. തിരഞ്ഞെടുപ്പുപ്രചാരവേല പത്തു ദിവസമേ പാടുള്ളൂ.

12. പണം കൊടുത്തു വോട്ടുവാങ്ങുക, വോട്ടർമാർക്കു പണം കൊടുക്കുക, കള്ളുകുടിച്ചു വോട്ടുചെയ്യുക മുതലായവ കുററങ്ങളായി പരിഗണിക്കപ്പെടും.

13. തിരഞ്ഞെടുപ്പുനിയമങ്ങളം ലംഘിക്കുന്ന സ്ഥാനാർത്ഥികളെ പ്രോസിക്യൂട്ട്ചെയ്യും. പിന്നീട് തിരഞ്ഞെടുപ്പിനു നിൽക്കാൻ അവർ അയോഗ്യരായിരിക്കും.

14. തിരഞ്ഞെടുപ്പുചിലവുകളുടെ പരിധി താഴെ ചേർക്കുംപ്രകാരം ആയിരിക്കും.

1. ജില്ലാ പ്രജാപരിഷത്ത് ചെയർമാൻ—ഒന്നരലക്ഷം രൂപ
2. മണ്ഡലം പ്രജാപരിഷത്ത് പ്രസിഡണ്ട്—പതിനായിരം രൂപ
3. മുനിസിപ്പൽ കോർപ്പറേഷൻ മേയർ—ഒരു ലക്ഷം രൂപ
4. സ്പെഷ്യൽഗ്രേഡ് മുനിസിപ്പാലിററിയിൽ ചെയർമാൻ—മുപ്പത്തയ്യായിരം രൂപ
5. ഗ്രേഡ് 1 മുനിസിപ്പാലിററിയിൽ ചെയർമാൻ—ഇരുപത്തയ്യായിരം രൂപ
6. ഗ്രേഡ് 2 മുനിസിപ്പാലിററിയിൽ ചെയർമാൻ—പതിനയ്യായിരം രൂപ
7. ഗ്രേഡ് 3 മുനിസിപ്പാലിററിയിൽ ചെയർമാൻ—പതിനായിരം രൂപ
8. കോർപ്പറേഷൻ മെംബർ—രണ്ടായിരം രൂപ
9. മുനിസിപ്പൽ കൗൺസിലർ—ആയിരം രൂപ

15. പാർട്ടികരംക്കു പുറമേ, ഓരോ സ്ഥാനാർത്ഥിയും തിരഞ്ഞെടുപ്പ് അധികാരികരംക്കു മുമ്പിൽ, നിർദിഷ്ട കാലാവധിക്കകം, സ്വന്തം തിരഞ്ഞെടുപ്പു ചെലവുവിവരം സമർപ്പിക്കണം.

'പണത്തിൻെറ ശക്തിയും വോട്ടിങ്ങിലെ അഴിമതികളും ചേർന്ന് ഇന്ത്യയിൽ ജനാധിപത്യത്തെയും ജനപ്രാതിനിധ്യസ്ഥാപനങ്ങളെയും

ക്രമബദ്ധമായി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനുള്ള സമരത്തിന്റെ അവിഭാജ്യഘടകമാണ് തിരഞ്ഞെടുപ്പുപരിഷ്കരണത്തിനുള്ള സമരം. നമ്മുടെ രാഷ്ട്രീയ വ്യവസ്ഥിതിയിൽനിന്ന് പണത്തിന്റെ ദുഷ്ഫലങ്ങളെയും പ്രാതിനിധ്യഭരണത്തിൽ പണത്തിന്റെ ദുഷിച്ച സ്വാധീനത്തെയും അകററുന്നതിന് വിനീതമെങ്കിലും സുപ്രധാനമായ ഒരു പ്രയത്നമായിരിക്കും ഈ നിർദേശം എന്ന് ആശിക്കുന്നു' എന്ന വാക്കുകളോടെ രാമറാവു 'തിരഞ്ഞെടുപ്പു പരിഷ്കാരങ്ങാം' എന്ന ലഘുലേഖ ഉപസംഹരിക്കുന്നു.

രാഷ്ട്രീയം സംശുദ്ധമാകണമെന്നാഗ്രഹിക്കുന്ന ഓരോ കേരളീയനും ഈ ലഘുലേഖ വായിക്കണമെന്ന് ഞാൻ ശുപാർശചെയ്യുന്നു. കേരള നിയമസഭ ഈ ലഘുലേഖയെപ്പററി ചർച്ചചെയ്യണം. ആന്ധ്രപ്രദേശിൽ പ്രാദേശിക സ്വയംഭരണരംഗത്തു് രാമറാവു വരുത്താനുദ്ദേശിക്കുന്ന പരിഷ്കാരങ്ങളെങ്കിലും എന്തുകൊണ്ട് ഇവിടെയും വരുത്തിക്കൂടാ? അടിസ്ഥാനജനാധിപത്യത്തെയെങ്കിലും കള്ളപ്പണത്തിന്റെ ദുസ്സ്വാധീനത്തിൽനിന്നു രക്ഷിക്കാൻ നമുക്ക് എന്തുകൊണ്ടു ശ്രമിച്ചുകൂടാ?

എന്തുകൊണ്ട്, മിസ്റ്റർ നായനാർ?

എന്തുകൊണ്ട്, മിസ്റ്റർ കരുണാകരൻ?

(6 നവംബർ, 1987)

# 28. ദരിദ്രമായ രാജ്യം, ധനികരായ മന്ത്രിമാർ

ഭാര്യയില്ലാതെ ഗൃഹസ്ഥാശ്രമം ഇല്ല. മന്ത്രിയില്ലാതെ ജനാധിപത്യവുമില്ല.

നിങ്ങാക്ക് ഗൃഹസ്ഥൻ ആകണമോ? എന്നാൽ, നിങ്ങാം ഭാര്യയുടെ ചെലവ് വഹിച്ചേതീരൂ. നിങ്ങാക്ക് ജനാധിപത്യരാഷ്ട്രത്തിലെ സ്വതന്ത്രപൗരൻ ആകണമോ? എങ്കിൽ നിങ്ങാം മന്ത്രിമാരുടെ ചെലവും വഹിക്കണം.

ശമ്പളമില്ലാത്ത ജോലിയാണ് ഭാര്യയുടേതു്. മന്ത്രിമാരുടെ ജോലി അത്തരത്തിലുള്ളതല്ല. മന്ത്രിമാർക്ക് ശമ്പളമുണ്ട്; അലവൻസുണ്ട്; ദിനബത്തയുണ്ട്; യാത്രാബത്തയുണ്ട്; വീടുണ്ട്; കാറുണ്ട്; ഫോണുണ്ട്; ഔദ്യോഗിക സഹായികാം ഉണ്ട്; അനൗദ്യോഗിക ഭൃത്യർ ഉണ്ട്; സെക്യൂരിററി ഉണ്ട്; പിന്നെയും പലതും ഉണ്ട്. ഇതിന്റെയൊക്കെ ചെലവു നിങ്ങാം (അതായതു് ജനങ്ങാം നൽകുന്ന നികുതിപ്പണംകൊണ്ടു സംഭരിച്ച ഖജനാവ്) വഹിച്ചേ പററൂ.

ജനാധിപത്യത്തിനു് സ്വതന്ത്രപൗരൻ നൽകേണ്ട വില ആണിതു്.

ഇപ്പറഞ്ഞതെല്ലാം 'മന്ത്രിമാരുടെ ശമ്പളം' എന്ന സർക്കാർ ചെലവിനത്തിൽപ്പെടുന്നു. നിയമസഭ പാസ്സാക്കിയ ചട്ടങ്ങാം അനുസരിച്ചാണ് ഈ ചെലവ് എല്ലാം നിർവഹിക്കപ്പെടുന്നതു് എന്നാണു വെപ്പ്.

ശമ്പളംപോലെ പ്രധാനപ്പെട്ട ഒരു ചെലവിനം (കിട്ടുന്ന ആളെ സംബന്ധിച്ചിടത്തോളം വരവിനം) ആണ് 'കിമ്പളം'. ഇംഗ്ലീഷിൽ ഇതിനെ 'പെർക്ക്' എന്നു വിളിക്കുന്നു. ബ്രഹ്മത്തെയെന്നപോലെ 'കിമ്പള'ത്തെയും നിർവചിക്കാൻ ആവില്ല. എങ്കിലും അതു് ഉണ്ട്; അതു പലപ്പോഴും വളരെ ബൃഹത്തും ആണ്. ഉദ്യോഗസ്ഥന്മാർക്കെന്നപോലെ മന്ത്രിമാർക്കും 'കിമ്പളം' ഉണ്ട്. നിയമസഭയിൽ അതി